# 2021–2022 വർഷത്തെ പ്രവർത്തന റിപ്പോർട്ട്

കഴിഞ്ഞ പത്തൊൻപത് വർഷങ്ങളായി സമൂഹത്തിൽ പാർശ്വവത്ക്കരിക്കപ്പെട്ട ജനവിഭാഗ ങ്ങളോട് ചേർന്ന് ശ്രദ്ധേയമായ ഇടപെടലുകൾ നടത്താൻ കഴിഞ്ഞുവെന്ന സംതൃപ്തിയോടെ നീതിവേദിയുടെ 2021–22 വർഷത്തെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിക്കുകയാണ്.

- **ജനറൽ ബോഡി യോഗം**

നീതിവേദിയുടെ പതിനെട്ടാമത് വാർഷിക ജനറൽ ബോഡി യോഗം 2021 ജൂൺ 29 ന് കാക്കവയൽ നീതിവേദി ഓഫീസിൽ വെച്ച് നടന്നു. 23 പേർ പങ്കെടുത്തു. നീതിവേദി പ്രസിഡന്റ് അഡ്വ.ഫാ.സ്റ്റീഫൻ മാത്യു അദ്ധ്യക്ഷത വഹിച്ചു. 2020–21 വർഷത്തെ വാർഷിക റിപ്പോർട്ട് സെക്ര ട്ടറിയും, 2020–21 വർഷത്തെ കണക്കും 2021–22 വർഷത്തെ ബഡ്ജറ്റും ട്രഷററും അവതരിപ്പിച്ചു. റിപ്പോർട്ട്, കണക്ക്, ബഡ്ജറ്റ് എന്നിവ യോഗം പാസ്സാക്കി.

ഗവേർണിംഗ് ബോഡി അംഗങ്ങളായി അഡ്വ.ഫാ.സ്റ്റീഫൻ മാത്യു (പ്രസിഡന്റ്), കെ മിനി (വൈസ് പ്രസിഡന്റ്), ഫ്ളയ്സി ജോസ് (സെക്രട്ടറി), ഉണ്ണികൃഷ്ണൻ ചീക്കല്ലൂർ (ജോ.സെക്രട്ട റി), അഡ്വ.ജോമോൾ ജോയി (ട്രഷറർ), എക്സിക്യൂട്ടീവ് മെമ്പർമാരായി അഡ്വ.ഫാ.തോമസ് ജോസഫ് തേരകം, അഡ്വ.മരിയ, കെ.ഐ.തോമസ്, സിദ്ദിഖ് എന്നിവരെ തിരഞ്ഞെടുത്തു.

എം.എം, എസ് സി എൻ പ്രോജക്ടുകൾ സംബന്ധിച്ച ഒരു വർഷത്തേക്കുള്ള പ്രവർത്തനങ്ങൾ യോഗത്തിൽ വിശദീകരിച്ചു. പഞ്ചായത്തുതല വാർഷിക പദ്ധതി രൂപീകരണ ത്തിൽ ആദിവാസി മേഖലയിൽ ശരിയായ രീതിയിൽ ഉപകാരപ്രദമായ കാര്യങ്ങൾ ഉൾപ്പെടുത്തു ന്നതിനായുള്ള പ്രവർത്തനങ്ങളിൽ ഇടപെടലുകൾ നടത്താൻ തീരുമാനിച്ചു. ആദിവാസി വിദ്യാർത്ഥികളുടെ ഓൺലൈൻ പഠനത്തിലെ അപാകതകൾ ചൂണ്ടിക്കാട്ടിയും മുട്ടിൽ മരം മുറി യുമായി ബന്ധപ്പെട്ട കേസിൽ നിരപരാധികളായ നിരവധി ആദിവാസികൾ ഉൾപ്പെട്ടതിനാൽ കേസിൽ നിന്നും അവരെ ഒഴിവാക്കുന്നത് സംബന്ധിച്ചും സ്ത്രീകളുടെയും പെൺകുട്ടികളു ടെയും സുരക്ഷയും സുസ്ഥിതിയും ഉറപ്പാക്കുന്നത് സംബന്ധിച്ചും പത്രവാർത്തകൾ നൽകാൻ തീരുമാനിച്ചു. പ്രസ്തുത പത്രവാർത്തകൾ നൽകുകയും ചെയ്തു.




- **ഗവേർണിംഗ് ബോഡി യോഗം**

പ്രവർത്തന വർഷത്തിൽ മൂന്ന് ഗവേർണിംഗ് ബോഡി യോഗങ്ങൾ നടന്നു.

2021 ഒക്ടോബർ 26–ാം തിയതി കൽപ്പറ്റ എം ജി റ്റി ഹാളിൽ വെച്ച് നടന്ന യോഗത്തിൽ പ്രവർത്തനങ്ങൾ വിലയിരുത്തി, ആദിവാസി വീടുകളുമായി ബന്ധപ്പെട്ട ഹൈക്കോടതി വിധി യിൽ യാതൊന്നും നടപ്പിലായിട്ടില്ലായെന്നും അതിന്റെ ഭാഗമായി നോട്ടീസ് നൽകി തുടർന്ന് ഹൈക്കോടതിയിൽ കോടതിയലക്ഷ്യ ഹരജി നൽകാനും തീരുമാനിച്ചു. ഓണിഫയൽ ഫ്ളാറ്റ് സംബന്ധിച്ച പഠനം നടത്തി ഹൈക്കോടതിയിൽ പബ്ലിക് ഇന്ററസ്റ്റ് ലിറ്റിഗേഷൻ നൽകാനും ധാര ണയായി. നീതിവേദിയുടെ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി ഇ-ബുള്ളറ്റിൻ തയ്യാറാക്കാനും തീരു മാനിച്ചു.




2021 ഡിസംബർ 6 ന് നീതിവേദി ഓഫീസിൽ വെച്ച് നടന്ന ഗവേർണിംഗ് ബോഡി യോഗത്തിൽ എം എം ഇന്ത്യൻ കോർഡിനേറ്റർ ശ്രീ ആംബ്രോസ് ക്രിസ്റ്റി സന്നിഹിതനായിരുന്നു. നീതിവേദിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തി. 2022-23 വർഷത്തേക്കുള്ള പ്രോജക്ട് പ്രൊപ്പോസൽ സംബന്ധിച്ച വിഷയങ്ങൾ ചർച്ച ചെയ്തു. ആദിവാസികളുടെ പ്രധാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുതകുന്ന രീതിയിലുള്ള പ്രോജക്ട് പ്രൊപ്പോസൽ ആയിരിക്കണം നീതിവേദി തയ്യാറാക്കേണ്ടത് എന്ന വ്യക്തമായ ധാരണ ഉണ്ടായി.

2022 മാർച്ച് 30 ന് നടന്ന യോഗത്തിൽ പ്രവർത്തനങ്ങൾ വിലയിരുത്തി. വാർഷിക ജനറൽ ബോഡി യോഗം 2022 മെയ് 4-ാം തിയതി നടത്താൻ തീരുമാനിച്ചു. നീതിവേദിയിൽ താലൂക്ക് തലത്തിൽ കോർഡിനേറ്റർമാരെ തിരഞ്ഞെടുക്കുന്നത് സംബന്ധിച്ച കാര്യങ്ങളും ചർച്ച ചെയ്തു.

- **<u>നിയമസഹായം</u>**

ആദിവാസികൾ, സ്ത്രീകൾ, കുട്ടികൾ, മറ്റ് പാർശ്വവൽക്കരിക്കപ്പെട്ട സമൂഹങ്ങൾ എന്നിവർക്ക് സൗജന്യ നിയമസഹായം നൽകുന്നതിനും കോടതിക്കു പുറമെ മീഡിയേഷനിലൂടെ പ്രശ്നപരിഹാര സാധ്യതകൾ തേടുന്നതിനുമായി അഡ്വ.ഫാ.തോമസ് തേരകം, അഡ്വ.ഫാ.സ്റ്റീഫൻ മാത്യു, അഡ്വ.മരിയ, അഡ്വ.ജോമോൾ ജോയി എന്നീ അഭിഭാഷകരുടെ സഹായം ലഭ്യമായിരുന്നു.



- **<u>സേവനദാതാവ്</u>**

സേവനദാതാവ് എന്ന നിലയിൽ സ്ത്രീകളുടെ പ്രശ്നങ്ങൾ കേൾക്കുന്നതിനും പരിഹരിക്കുന്നതിനും വേണ്ടി നീതിവേദി വളരെയധികം സമയം ചെലവഴിക്കുകയുണ്ടായി. ഗാർഹിക അതിക്രമങ്ങൾ സംബന്ധിച്ച് ഈ വർഷം ലഭിച്ച 120 പരാതികളിൽ നീതിവേദി ഇടപെടൽ നടത്തി. 102 പരാതികൾ പരിഹരിച്ചു. കോടതിയിൽ കേസ് എത്തിക്കാതെ ബന്ധപ്പെട്ടവരെ വിളിച്ച് കൗൺസിലിംഗിലൂടെയും മധ്യസ്ഥ ചർച്ചകളിലൂടെയും ഒത്തൊരുമിച്ച് പോകുന്നതിന് വേണ്ട നടപടികൾക്കാണ് ഊന്നൽ കൊടുത്തത്. ലീഗൽ കൗൺസിലറായി അഡ്വ. ജോമോൾ ജോയി പ്രവർത്തിച്ചുവരുന്നു.



2021 നവംബർ 12-ാം തിയ്യതി വനിതാ-ശിശു വികസന വകുപ്പിന് കീഴിൽ വയനാട് ജില്ലയിൽ പ്രവർത്തിക്കുന്ന സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകളുടെയും ഷെൽട്ടർ ഹോമിന്റെയും ചുമതലകൾ വഹിക്കുന്നവരുടെ യോഗം നീതിവേദി ഓഫീസിൽ വെച്ച് നടന്നു. സേവനദാതാവിന്റെ പ്രവർത്തനങ്ങൾ കേരള സോഷ്യൽ വെൽഫയർ ബോർഡിൽ നിന്നും വനിത-ശിശു വികസന വകുപ്പിലേക്ക് മാറ്റിയത് സംബന്ധിച്ച സർക്കാർ ഉത്തരവ് വയനാട് ജില്ലാ വനിത-ശിശു വികസന ഓഫീസർ ശ്രീമതി ആശ വിശദീകരിച്ചു. വനിത പ്രൊട്ടക്ഷൻ ഓഫീസർ ശ്രീമതി. നിസ, വയനാട് ജില്ലയിലെ സേവനദാതാക്കളുടെ പ്രതിനിധികൾ തുടങ്ങി 25 ഓളം പേർ പങ്കെടുത്തു.




2021 നവംബർ മാസം 27-ാം തിയ്യതി നീതിവേദി ഓഫീസിൽ വെച്ച് നടന്ന സബ് കമ്മിറ്റി മീറ്റിംഗിൽ വനിതാ പ്രൊട്ടക്ഷൻ ഓഫീസർ ശ്രീമതി നിസ, അഡ്വ. മരിയ, ജാല ജില്ലാ കോർഡിനേറ്റർ ശ്രീമതി. ലില്ലി തോമസ്, പഞ്ചായത്ത് ജനപ്രതിനിധികൾ, അങ്കൺവാടി ടീച്ചർമാർ എന്നിവരുൾപ്പെടുന്ന 15 ഓളം പേർ പങ്കെടുത്തു. നീതിവേദി ഡയറക്ടർ ശ്രീമതി. ഫ്ളൈസി ജോസ് സ്വാഗതം ആശംസിക്കുകയും നീതിവേദി ലീഗൽ കൗൺസിലർ അഡ്വ. ജോമോൾ ജോയി റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. തുടർന്ന് അഡ്വ. മരിയയുടെ നേതൃത്വത്തിൽ സ്ത്രീകൾ അനുഭവിക്കുന്ന പ്രശ്നങ്ങളെപ്പറ്റിയും, എല്ലാ സംവിധാനങ്ങളും ഏകോപിപ്പിച്ചുകൊണ്ട് സ്ത്രീകൾക്ക് സഹായങ്ങൾ ചെയ്തുകൊടുക്കാമെന്നതിനെപ്പറ്റിയും ചർച്ച ചെയ്തു.




- **<u>നിയമബോധവത്ക്കരണ സെമിനാറുകൾ</u>**

നസറത്ത് സിസ്റ്റേഴ്സിന്റെയും നീതിവേദിയുടെയും സംയുക്താഭിമുഖ്യത്തിൽ സ്ത്രീ-സൗഹൃദ നിയമങ്ങൾ, പോക്സോ, വിദ്യാഭ്യാസ അവകാശ നിയമം, കൗമാര പ്രശ്നങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ 40 ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തി. ക്ലാസ്സുകളിൽ 1232 പേർ പങ്കെടുത്തു. അഡ്വ. ജോമോൾ ജോയി, വത്സാ ദേവസ്യ, സാറാമ്മ ഷാജി, ലൈല ഉസ്മാൻ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.






- **<u>പരിഹാര</u>**

കഴിഞ്ഞ പ്രവർത്തന വർഷത്തിൽ കൽപ്പറ്റയിൽ പാർട്ട് ടൈം കൗൺസിലറായ ആതിര 122 പേർക്ക് ഓഫീസിൽ വെച്ച് കൗൺസിലിംഗ് നൽകി.

- **<u>വയനാട് ജില്ലാ പീസ് ഫോറം</u>**

2021 ജൂൺ 29 ന് ജില്ലാ പീസ് ഫോറം എക്സിക്യൂട്ടീവ് യോഗം നടന്നു. ആദിവാസികൾ അനുഭവിക്കുന്ന പ്രധാന വിഷയങ്ങളിൽ ഇടപെടുന്നതിനായി ശശി മീനങ്ങാടി, അഡ്വ.മരിയ, വി.ടി കുമാർ എന്നിവരടങ്ങുന്ന ഒരു സബ് കമ്മറ്റി രൂപീകരിച്ചു.

2021 ഒക്ടോബർ 26 ന് കൽപ്പറ്റ എം.ജി.റ്റി. ഹാളിൽ വെച്ച് ജില്ലാ പീസ് ഫോറം എക്സിക്യൂട്ടീവ് അംഗങ്ങളുടെയും പഞ്ചായത്ത് തല പീസ് കമ്മിറ്റി ഭാരവാഹികളുടെയും കോർ ടീം വോളണ്ടിയർമാരുടെയും യോഗം നടന്നു. കൺവീനർ ശ്രീ ഉണ്ണികൃഷ്ണൻ ചീക്കല്ലൂർ സ്വാഗതം ആശംസിച്ചു. ചെയർമാൻ ശ്രീ കെ.ഐ. തോമസ് അധ്യക്ഷത വഹിച്ചു. നാളിതുവരെയുള്ള പ്രവർത്തന വിലയിരുത്തലും പ്രവർത്തന വർഷത്തെ ബാക്കി അഞ്ചുമാസത്തേക്കുള്ള പ്ലാനിഗും നടത്തി. നീതിവേദി പ്രസിഡന്റ് അഡ്വ. ഫാ. സ്റ്റീഫൻ മാത്യു ചർച്ചകൾക്ക് നേതൃത്വം നൽകി. വൈസ് ചെയർപേഴ്സൺ ശ്രീമതി സുലോചന രാമകൃഷ്ണൻ നന്ദി പറഞ്ഞു.




- **<u>ജില്ലാ പീസ് ഫോറം പ്രതിനിധികൾക്ക് പരിശീലനം</u>**

വയനാട് ജില്ലയിലെ വിവിധ പഞ്ചായത്തുകളിൽ നിന്നുമുള്ള പ്രതിനിധികൾക്കും ജില്ലാ പീസ് ഫോറം അംഗങ്ങൾക്കുമായി 2022 ഫെബ്രുവരി 22-ാം തിയ്യതി എറണാകുളം റിന്യൂവൽ സെന്ററിൽ വെച്ച് പ്രത്യേക പരിശീലന പരിപാടി സംഘടിപ്പിച്ചു. ജില്ലാ പീസ് ഫോറം ചെയർമാൻ ശ്രീ. കെ.ഐ. തോമസ് സാർ അദ്ധ്യക്ഷത വഹിച്ചു. നീതിവേദി പ്രസിഡന്റ് ഫാ. സ്റ്റീഫൻ മാത്യു വിശിഷ്ടാതിഥിയെ പരിചയപ്പെടുത്തുകയും ഏവരെയും സ്വാഗതം ചെയ്യുകയും ചെയ്തു. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി റിട്ടയേർഡ് പ്രൊഫസർ ഡോ. എം.പി. മത്തായി മത സൗഹാർദത്തിന്റെ പ്രാധാന്യത്തെപ്പറ്റി ഗാന്ധിയൻ വീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ ക്ലാസ്സെടുത്തു. വിവിധ മതങ്ങളെ ഉൾപ്പെടുത്തി കൂട്ടായ പരിശ്രമങ്ങൾ സംഘടിപ്പിക്കുവാനുള്ള വിവിധ നിർദ്ദേശങ്ങൾ അദ്ദേഹം നൽകി.






- **<u>എക്സ്പോഷർ വിസിറ്റ്</u>**

നീതിവേദിയുടെ ആഭിമുഖ്യത്തിൽ 2022 ഫെബ്രുവരി 22,23 തിയ്യതികളിൽ എറണാകുളത്തേക്ക് എക്സ്പോഷർ വിസിറ്റ് സംഘടിപ്പിച്ചു. വയനാട് ജില്ലയിലെ വിവിധ പഞ്ചായത്ത് പീസ് കമ്മിറ്റികളിൽ നിന്നും വനിത-യുവജന ഹാർമണി ക്ലബ്ബുകളിൽ നിന്നും കോർ ടീം അംഗങ്ങളിൽ നിന്നുമുള്ള പ്രതിനിധികളായി 50 പേരാണ് ഈ പരിപാടിയിൽ പങ്കെടുത്തത്. 2022 ഫെബ്രുവരി 21-ാം തിയ്യതി വൈകുന്നേരം 8.45 ന് നീതിവേദി ഓഫീസിൽ നിന്നും ആരംഭിച്ച യാത്രയുടെ ഭാഗമായി വിവിധ മത കേന്ദ്രങ്ങൾ സന്ദർശിക്കുകയും മത നേതാക്കളും മത സൗഹാർദ്ദത്തിനുവേണ്ടി പ്രവർത്തിക്കുന്ന വ്യക്തികളുമായി സൗഹൃദ ചർച്ചകൾ സംഘടിപ്പിക്കുകയും ചെയ്തു. ചാവറ കൾച്ചറൽ സെന്റർ, ഗ്രാൻഡ് ജുമാ മസ്ജിദ്, ഗുരുദ്വാര, ധർമ്മഭാരതി ആശ്രമം, സമീക്ഷ, കാലടി സ്തൂപം, ഫോർട്ട്കൊച്ചി എന്നിവിടങ്ങൾ സന്ദർശിച്ചു. 2022 ഫെബ്രുവരി 24-ാം തിയ്യതി രാവിലെ ഏറെ സംതൃപ്തിദായകമായ സന്ദർശന യാത്ര പൂർത്തിയാക്കി പ്രതിനിധികൾ തിരിച്ചെത്തി.




- **<u>മീഡിയേഷൻ ട്രെയിനിംഗ്</u>**

2022 മാർച്ച് 14 ന് കൽപ്പറ്റ എം.ജി.റ്റി. ഹാളിൽ വെച്ച് വയനാട് ജില്ലയിലെ പഞ്ചായത്ത് പീസ് കമ്മിറ്റികളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾക്ക് മീഡിയേഷൻ ട്രെയിനിംങ് നൽകി. അഡ്വ. ജോമോൾ ജോയി, അഡ്വ. ഫാ. സ്റ്റീഫൻ മാത്യു, അഡ്വ. മരിയ എന്നിവർ റിസോഴ്സ് പേഴ്സൺസ് ആയിരുന്നു. മീഡിയേഷൻ, ശ്രവണകല എന്നീ വിഷയങ്ങളെ സംബ ന്ധിച്ച ക്ലാസ്സുകളോടൊപ്പം ഗ്രൂപ്പുതലത്തിൽ പ്രായോഗിക പരിശീലനവും നൽകി. 2022 മെയ് മാസത്തിൽ ദ്വിദിന പരിശീലന പരിപാടി സംഘടിപ്പിക്കാൻ തീരുമാനിച്ചു. പരിശീലന പരിപാടി യിൽ 50 പേർ പങ്കെടുത്തു.




- **<u>ഭരണഘടന മൂല്യങ്ങൾ – സെമിനാർ</u>**

നീതിവേദിയുടെ ആഭിമുഖ്യത്തിൽ 2022 മാർച്ച് 23 ന് കൽപ്പറ്റ എം.ജി.റ്റി ഹാളിൽ വെച്ച് ഇന്ത്യൻ ഭരണഘടനയുടെ അന്തസത്തയും മതേതര സങ്കൽപ്പവും സംബന്ധിച്ച വർക്ക് ഷോപ്പ് സംഘടിപ്പിച്ചു. ശ്രീ ജെയിംസ് തോമസ് സ്വാഗതം ആശംസിച്ചു. ജില്ലാ പീസ് ഫോറം ചെയർമാൻ ശ്രീ കെ.ഐ. തോമസ് ഉദ്ഘാടനം ചെയ്തു. അഡ്വ. മരിയ വിഷയാവതരണം നടത്തി. അഡ്വ. ഫാ. സ്റ്റീഫൻ മാത്യു, അഡ്വ. ജോമോൾ ജോയി എന്നിവർ ചർച്ചകൾ നയിച്ചു. വിവിധ പഞ്ചായ ത്തുകളിൽ നിന്നായി 51 പേർ പങ്കെടുത്തു.








- **<u>പഞ്ചായത്തുതല പീസ് കമ്മറ്റി</u>**

തർക്കപരിഹാരവും സമാധാന നിർമ്മിതിയും എന്ന പദ്ധതിയുടെ ഭാഗമായി വയനാട് ജില്ല യിൽ 23 പഞ്ചായത്തുകളിലും 3 മുനിസിപ്പാലിറ്റികളിലും പീസ് കമ്മറ്റികൾ പ്രവർത്തിച്ചുവരുന്നു. 651 പീസ് കമ്മറ്റി അംഗങ്ങൾ ആക്റ്റീവ് ആയി സജീവമായി പ്രവർത്തിച്ചുവരുന്നു.

പഞ്ചായത്ത് തല പീസ് കമ്മറ്റി മീറ്റിംഗുകൾ സംഘടിപ്പിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തു കയും പീസ് കമ്മറ്റികൾ പുന:സംഘടിപ്പിക്കുകയും ചെയ്തു.

പൊഴുതന, വെള്ളമുണ്ട, വൈത്തിരി എന്നീ പഞ്ചായത്തുകളിൽ പ്രശ്നവിശകലന പരിപാടി സംഘടിപ്പിക്കുകയും പ്രവർത്തന വർഷത്തിൽ പുതിയ പീസ് കമ്മറ്റികൾക്ക് രൂപം നൽകുകയും ചെയ്തു.













- **<u>പീസ് കമ്മറ്റി അംഗങ്ങൾക്ക് പരിശീലനം</u>**

പഞ്ചായത്തുതല പീസ് കമ്മറ്റി അംഗങ്ങൾക്ക് ബദൽ തർക്കപരിഹാര മാർഗ്ഗങ്ങൾ സംബ ന്ധിച്ച് 2021 നവംബർ 29 ന് സുൽത്താൻ ബത്തേരി, നവംബർ 30 ന് കൽപ്പറ്റ, ഡിസംബർ 1 ന് മാനന്തവാടി എന്നിവിടങ്ങളിൽ വെച്ച് പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. അഡ്വ.ഫാ.സ്റ്റീ ഫൻ മാത്യു, അഡ്വ.ജോമോൾ ജോയി, ശ്രീ.ജെയിംസ് തോമസ്, ശ്രീമതി ഫ്ളയ്സി ജോസ് എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. 90 പേർ പരിശീലന പരിപാടികളിൽ പങ്കെടുത്തു.




- **<u>മതസൗഹാർദ്ദ കൂട്ടായ്മ</u>**

2021 സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസങ്ങളിലായി വയനാട് ജില്ലയിലെ 22 പഞ്ചായത്തുകളിൽ വിവിധ മത നേതാക്കളുടെ ഒത്തുചേരലും പങ്കുവെക്കലും സംഘടിപ്പിച്ചു. പരസ്പരം പരിചയപ്പെടാനും, പങ്കുവെയ്ക്കാനും, സ്നേഹവും സൗഹൃദവും വർദ്ധിപ്പിക്കാനും ഈ ഒത്തുചേരൽ കൊണ്ട് സാധിച്ചു. വിവിധ മതങ്ങളിൽപ്പെട്ട 593 പേർ പങ്കെടുത്തു.



- **<u>മതസൗഹാർദ്ദ ആഘോഷങ്ങൾ</u>**

പ്രവർത്തന വർഷത്തിൽ ജില്ലയിലെ 16 സ്ഥലങ്ങളിൽ വെച്ച് മതസൗഹാർദ്ദ ആഘോഷങ്ങൾ സംഘടിപ്പിച്ചു. നബിദിനം, ഓണം, ക്രിസ്തുമസ് തുടങ്ങി വിവിധ മത ആഘോഷങ്ങൾ നടത്തി. മതസൗഹാർദ്ദ വിരുന്നിൽ 589 പേർ മതസൗഹാർദ്ദ ആഘോഷങ്ങളിൽ പങ്കാളികളായി. കുട്ടികളുടെ കലാപരിപാടികൾ നടത്തുകയും ചെയ്തു.





- **<u>സമാധാന ദിനാചരണം</u>**

2022 ജനുവരി 17 ന് നീതിവേദി ഓഫീസിൽ വെച്ച് സമാധാന ദിനാചരണം സംബന്ധിച്ച് ജില്ലാ തല പ്ലാനിംഗ് യോഗം നടത്തി. 12 പഞ്ചായത്തിലെ പ്രതിനിധികൾ യോഗത്തിൽ പങ്കെടുത്തു.

2022 ഫെബ്രുവരി, മാർച്ച് മാസങ്ങളിലായി വയനാട് ജില്ലയിലെ 15 പഞ്ചായത്തുതല നീതി വേദി പീസ് കമ്മിറ്റികളുടെ നേതൃത്വത്തിൽ സമാധാന ദിനാചരണം നടത്തി. പീസ് കമ്മിറ്റികൾ, വനിതാ-യുവജന-വിദ്യാർത്ഥി സൗഹൃദ ക്ലബ്ബുകളിലെ അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു. സമാധാന ദിനാചരണത്തിന്റെ ഭാഗമായി സമാധാന ദിന സന്ദേശവും സമാധാന ദിന പ്രതി ജ്ഞയും വിവിധ കലാപരിപാടികളും സംഘടിപ്പിച്ചു.












- **<u>കോർ ടീം വോളണ്ടിയേഴ്സ്</u>**

പ്രവർത്തന വർഷത്തിൽ പഞ്ചായത്ത്/മുനിസിപ്പാലിറ്റി തലത്തിൽ മത സൗഹൃദ സമാധാന നിർമ്മിതിയുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് വയനാട് ജില്ല യിൽ 25 വോളണ്ടിയേഴിസിനെ കണ്ടെത്തി. 2021 ജൂൺ 30, സെപ്റ്റംബർ 29 എന്നീ ദിവസങ്ങളിൽ പരിശീലന പരിപാടികൾ സംഘടിപ്പിച്ചു.




- **<u>വനിതാ സൗഹൃദ ക്ലബ്</u>**

നീതിവേദി വനിതാ സ്റ്റാഫ് അംഗങ്ങളുടെ നേതൃത്വത്തിൽ വയനാട് ജില്ലയിൽ 9 വനിതാ സൗഹൃദ ക്ലബുകൾ പ്രവർത്തിച്ചുവരുന്നു. 156 വനിതകളാണ് ക്ലബുകളിൽ അംഗങ്ങളായിട്ടുള്ളത്. ഓണം, ക്രിസ്തുമസ്, പുതുവത്സരം, വനിതാദിനം ഇവയോടനുബന്ധിച്ച് വനിതാ ക്ലബുകളിൽ ആഘോഷ പരിപാടിപാടികൾ സംഘടിപ്പിച്ചു.

2021 ഒക്ടോബർ 23 ശനിയാഴ്ച കാക്കവയൽ നീതിവേദി ഓഫീസിൽ വെച്ച് വനിതാ സൗഹൃദ ക്ലബ്ബ് ഭാരവാഹികൾക്ക് ഹാപ്പിനെസ്സ് പ്രോഗ്രാം സംഘടിപ്പിച്ചു. ശ്രീ മാത്യൂസ് വൈത്തിരി, ശ്രീമതി കമല എന്നിവർ നേതൃത്വം നൽകി. വിവിധ വനിതാ ക്ലബ്ബുകളിലെ 35 ഭാരവാഹികൾ പരിപാടിയിൽ പങ്കെടുത്തു.

നീതിവേദി വനിതാ സൗഹൃദ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ കോഴിക്കോട്, പൂക്കോട്, ബാണാസുര, കാരാപ്പുഴ, ഊട്ടി തുടങ്ങിയ വിവിധ സ്ഥലങ്ങളിലേക്ക് ഉല്ലാസയാത്ര സംഘടിപ്പിച്ചു.







- **<u>അന്തർദേശീയ വനിതാ ദിനാചരണം</u>**

നീതിവേദിയുടെ ആഭിമുഖ്യത്തിൽ 2022 മാർച്ച് 8 ന് വനിതാ ദിനാചരണം സംഘടിപ്പിച്ചു. നീതിവേദി ഓഫീസിൽ നിന്നും കാക്കവയൽ ടൗണിലേക്ക് വനിതകളുടെ റാലിയും തുടർന്ന് പൊതുസമ്മേളനവും സംഘടിപ്പിച്ചു. അഡ്വ. സിസ്റ്റർ ജോമോൾ ജോയി എല്ലാവരെയും സ്വാഗതം ചെയ്തു. നീതിവേദി ഡയറക്ടർ ശ്രീമതി ഫ്ളൈസി ജോസ് അദ്ധ്യക്ഷത വഹിച്ച യോഗം ജില്ലാ പ്രൊട്ടക്ഷൻ ഓഫീസർ ശ്രീമതി നിസ ഉദ്ഘാടനം ചെയ്തു. ദേശാഭിമാനി വയനാട് ബ്യൂറോ ചീഫ് ശ്രീമതി ഷീജ വനിതാദിന സന്ദേശം നൽകി. നീതിവേദി പ്രസിഡന്റ് അഡ്വ. ഫാ. സ്റ്റീഫൻ മാത്യു, അഡ്വ. മരിയ എന്നിവർ ആശംസകൾ അർപ്പിച്ചു. വനിതാ ദിനത്തോടനുബന്ധിച്ച് ശ്രീമതി ഷീജ, ശ്രീമതി നിസ എന്നിവരെ ആദരിച്ചു. ശ്രീ ജെയിംസ് തോമസ് ഹാപ്പിനസ്സ് പ്രോഗ്രാമിന് നേതൃത്വം നൽകി. ശ്രീമതി വത്സ ദേവസ്യ നന്ദി പറഞ്ഞു. വിവിധ വനിതാ സൗഹൃദ ക്ലബ്ബുകളിൽ നിന്നായി 65 പേർ പങ്കെടുത്തു.









മാർച്ച് 4 ന് കൽപ്പറ്റ ജി.എൽ.പി.സ്ക്കൂളിൽ വെച്ച് വനിതാദിനത്തോടനുബന്ധിച്ച് നീതി വേദി ഫീൽഡ് സ്റ്റാഫ് ശ്രീമതി വൽസ ദേവസ്യ ഗാർഹിക അതിക്രമങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം സംബന്ധിച്ച് ക്ലാസ്സ് നയിച്ചു. വനിതാദിനത്തിന്റെ പ്രാധാന്യത്തെക്കു റിച്ചും വിശദീകരിച്ചു. 55 വനിതകൾ പങ്കെടുത്തു.




- **മനുഷ്യാവകാശ ദിനാചരണം**

മനുഷ്യാവകാശ ദിനത്തോടനുബന്ധിച്ച് 2021 ഡിസംബർ 10 ന് മീനങ്ങാടി ഗ്രാമ പഞ്ചാ യത്തിലെ വെള്ളിത്തോട് അങ്കൺവാടിയിൽ വെച്ച് നീതിവേദി ലീഗൽ കൗൺസിലർ അഡ്വ. ജോമോൾ ജോയി ബോധവൽക്കരണ ക്ലാസ്സ് നൽകി. 33 പേർ പങ്കെടുത്തു.




- **യുവജന സൗഹൃദ ക്ലബ്**

നീതിവേദി ഫീൽഡ് സ്റ്റാഫ് അംഗങ്ങളുടെയും പാരാലീഗൽ കോ-ഓർഡിനേറ്ററുടെയും നേതൃത്വത്തിൽ വയനാട് ജില്ലയിൽ 9 യുവജന സൗഹൃദ ക്ലബുകൾ പ്രവർത്തിച്ചുവരുന്നു. 179 യുവജനങ്ങളാണ് ക്ലബുകളിൽ അംഗങ്ങളായിട്ടുള്ളത്.

2021 ഒക്ടോബർ 28 വ്യാഴാഴ്ച കൽപ്പറ്റ എം.ജി.റ്റി. ഹാളിൽ വെച്ച് യുവജന സൗഹൃദ ക്ലബ്ബ് ഭാരവാഹികൾക്ക് നേതൃത്വ പരിശീലന പരിപാടി സംഘടിപ്പിച്ചു. ശ്രീ ഷിബു കുറുമ്പേമഠം നേതൃത്വം നൽകി. യുവജനങ്ങൾക്ക് ദ്വിദിന നേതൃത്വ പരിശീലനവും സമാധാനനിർമ്മിതിക്കായി സാമൂഹ്യ മാധ്യമങ്ങൾ ഉപയോഗിക്കുന്നത് സംബന്ധിച്ചും പരിശീലന പരിപാടികൾ സംഘടിപ്പിക്കാൻ തീരുമാനിച്ചു.




- **<u>സോഷ്യൽ മീഡിയ ട്രെയിനിംഗ്</u>**

2022 ഫെബ്രുവരി 26 ന് കാക്കവയൽ നീതിവേദി ഓഫീസിൽ വെച്ച് യുവജനങ്ങൾക്കുവേണ്ടി സോഷ്യൽ മീഡിയ എങ്ങനെ ക്രീയാത്മകമായി ഉപയോഗിക്കാം എന്നത് സംബന്ധിച്ച പരിശീലന പരിപാടി സംഘടിപ്പിച്ചു. അഡ്വ. ജിജിൽ ജോസഫ് ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. 43 പേർ പങ്കെടുത്തു.




- **<u>വിദ്യാർത്ഥി സൗഹൃദ ക്ലബ്</u>**

നീതിവേദി ഫീൽഡ് സ്റ്റാഫ് അംഗങ്ങളുടെ നേതൃത്വത്തിൽ വയനാട് ജില്ലയിൽ 19 വിദ്യാർത്ഥി സൗഹൃദ ക്ലബുകൾ പ്രവർത്തിച്ചുവരുന്നു. 499 കുട്ടികളാണ് ക്ലബുകളിൽ അംഗങ്ങളായിട്ടുള്ളത്. കായിക വിനോദങ്ങൾക്കാവശ്യമായ സാമഗ്രികളും പഠനോപകരണങ്ങളും വിതരണം ചെയ്തു. കൗമാര കുട്ടികൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ സംബന്ധിച്ച ക്ലാസ്സുകൾ നൽകി. മീറ്റിംഗുകളിൽ വിവിധ മത്സരങ്ങളും നടത്തിവരുന്നു. എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിൽ ഫുൾ എ പ്ലസ് നേടിയ കുട്ടികളെ ആദരിച്ചു. ഓണം, ക്രിസ്തുമസ്, പുതുവത്സരം, സ്വാതന്ത്ര്യദിനം ഇവയോടനുബന്ധിച്ച് ക്ലബുകളിൽ ആഘോഷ പരിപാടിപാടികൾ സംഘടിപ്പിച്ചു.










- **<u>കവിത – ചിത്ര രചനാ മത്സരങ്ങൾ</u>**

നീതിവേദിയുടെ ആഭിമുഖ്യത്തിൽ സമാധാന ദിനാചരണത്തോടനുബന്ധിച്ച് വനിതാ-യുവജന- വിദ്യാർത്ഥി സൗഹൃദ ക്ലബ്ബുകളിലെ അംഗങ്ങൾക്കുവേണ്ടി "ശാന്തിയും സാഹോദര്യവും കൂട്ടായ്മയും വളർത്തുന്നതിനായി" എന്ന പ്രമേയത്തെ ആസ്പദമാക്കി ചിത്ര രചന, കവിതാ രചന മത്സരങ്ങൾ നടത്തി. മത്സരങ്ങൾ സംഘടിപ്പിക്കുന്നതിന് അംഗൺവാടി ടീച്ചർമാരും നീതിവേദി സ്റ്റാഫ് അംഗങ്ങളായ വത്സ, സാറാമ്മ, ലൈല, ജൂബിലി എന്നിവരും നേതൃത്വം നൽകി. മത്സര വിജയികൾക്ക് 2022 മാർച്ച് 23 ന് കൽപ്പറ്റ എം.ജി.റ്റി. ഹാളിൽ വെച്ച് സമ്മാനങ്ങൾ വിതരണം ചെയ്തു.










- **<u>പീസ് അസംബ്ലി</u>**

പീപ്പിൾസ് ഹാർമണി ഫൗണ്ടേഷൻ, ഏകതാപരിഷത്ത്, ആലുവാ യു സി കോളേജ്, നീതി വേദി എന്നീ സംഘടനകളുടെ സഹകരണത്തോടെ സംസ്ഥാന ദേശീയ-അന്തർദേശിയ തലങ്ങളിൽ 2021 ജൂൺ 27, ജൂലൈ 4, ജൂലൈ 18, ഓൺലൈനായി സംഘടിപ്പിച്ച പീസ് അസംബ്ലികളിൽ നീതിവേദി ഭാരവാഹികൾ പങ്കെടുത്തു.

- **<u>ആദിവാസി നേതാക്കൾക്ക് പരിശീലനം/മീറ്റിംഗ്</u>**

2021 ഡിസംബർ 7 ന് രാവിലെ എം എം ഏജൻസി ഇന്ത്യൻ കോർഡിനേറ്റർ ശ്രീ ആംബ്രോസ് ക്രിസ്റ്റിയുടെ നേതൃത്വത്തിൽ ആദിവാസി നേതാക്കളുടെ മീറ്റിംഗ് നടന്നു. ആദിവാസി വിഭാഗത്തിൽ നീതിവേദി ഇടപെടേണ്ട മേഖലകളെ കുറിച്ച് ചർച്ച നടത്തി.

2021 ഡിസംബർ 27 ന് മാനന്തവാടി പാവനയിൽ വെച്ച് മാനന്തവാടി താലൂക്കിലെ ആദിവാസി നേതാക്കളുടെ യോഗം ചേർന്നു. ജില്ലാ പ്രസിഡന്റ് ശ്രീ രാജഗോപാൽ അദ്ധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടറി ശ്രീമതി ബബിത ചർച്ചകൾക്ക് നേതൃത്വം നൽകി. 14 പേര് പങ്കെടുത്തു.

2022 മാർച്ച് 12,13 തിയ്യതികളിൽ മാനന്തവാടി പാവനയിൽ വെച്ച് ആദിവാസി നേതാക്കൾക്കുള്ള സംസ്ഥാനതല പരിശീലന പരിപാടി സംഘടിപ്പിച്ചു. 15 പേർ പങ്കെടുത്തു.




- **<u>ഭിന്നശേഷി സർവ്വെ</u>**

2022 ജനുവരി 13 ന് മാനന്തവാടി കുഴിനിലത്ത് താമസിക്കുന്ന ശ്രീമതി സോന ജോസുമായി അംഗവൈകല്യമുള്ള ആദിവാസി കുട്ടികൾക്ക് വേണ്ടിയുള്ള പ്രോജക്ടുമായി ബന്ധപ്പെട്ട പ്രാഥമിക ചർച്ച നടത്തി. അഡ്വ. ഫാ. സ്റ്റീഫൻ മാത്യു, ശ്രീമതി ഫ്ളയ്സി ജോസ്, അഡ്വ. ജോമോൾ ജോയി, ശ്രീ അനീഷ് ബാബു എന്നിവർ പങ്കെടുത്തു.




2022 ഫെബ്രുവരി, മാർച്ച് മാസങ്ങളിലായി വയനാട് ജില്ലയിലെ മാനന്തവാടി മുനിസിപ്പാലിറ്റി, എടവക ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിലെ ആദിവാസി വിഭാഗങ്ങളിൽപ്പെട്ട ഭിന്ന ശേഷിക്കാരുടെ സർവ്വെ നടത്തി. ബത്തേരി ഡോൺ ബോസ്കോ കോളേജിലെ ബി എസ് ഡബ്ല്യൂ വിദ്യാർത്ഥികൾ സർവ്വെക്ക് നേതൃത്വം നൽകി. നീതിവേദി ഡയറക്ടർ ശ്രീമതി ഫ്ളൈസി ജോസ്, ശ്രീമതി സോന ജോസ് എന്നിവർ മാർഗ്ഗ നിർദ്ദേശം നൽകി.






- **''എൻ ഊര്'' പദ്ധതി സംബന്ധിച്ച ചർച്ച**

ആദിവാസി സമൂഹത്തിന്റെ വികസനത്തിനും നിരവധി പേരുടെ ജോലി സാധ്യതയ്ക്കും പ്രയോജനകരമായ സർക്കാരിന്റെ ആഭിമുഖ്യത്തിലുള്ള 'എൻ ഊര് ' പദ്ധതി വനം വകുപ്പിന്റെ നിഷേധാത്മകമായ സമീപനം വഴി തടസ്സപ്പെടുന്നു എന്നത് സംബന്ധിച്ച് ആദിവാസി നേതാക്കളും ഗുണഭോക്താക്കളുമായി 2022 ഫെബ്രുവരി 7-ാം തിയ്യതി നീതിവേദി ഓഫീസിൽ വെച്ച് ചർച്ച നടന്നു. ആദിവാസി സമൂഹത്തിന്റെ താൽപ്പര്യം സംരക്ഷിക്കാൻ ആവശ്യമെങ്കിൽ നിയമ നടപടികൾക്ക് തുടക്കം കുറിക്കാനും തീരുമാനിച്ചു.




- **കോവിഡ് പ്രതിരോധ ഇടപെടലുകൾ**

സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി ഓഫ് നസറത്ത് മിനിസ്ട്രി ഫണ്ടിന്റെ സഹായത്തോടെ കോവിഡ് പ്രതിസന്ധിയിൽ ബുദ്ധിമുട്ട് അനുഭവിച്ച 629 കുടുംബങ്ങളിലെ 1192 പേർക്ക് സഹായങ്ങൾ നൽകി. 215 ഭക്ഷണ കിറ്റുകൾ, 83 പേർക്ക് മെഡിക്കൽ സഹായം, 320 കുട്ടികൾക്ക് പഠനോപകരണങ്ങൾ, 9 പേർക്ക് ടാർപ്പായ, 2 കുടുംബങ്ങൾക്ക് ആട് എന്നിവ വിതരണം ചെയ്തു.














- **<u>സ്റ്റാഫ് റിവ്യൂ മീറ്റിംഗ്</u>**

പ്രതിമാസ പ്രവർത്തനങ്ങൾ വിലയിരുത്താനും കർമ്മപരിപാടികൾ ആവിഷ്ക്കരിക്കാനുമായി സ്റ്റാഫ് അംഗങ്ങൾ നീതിവേദി ഭാരവാഹികളുമായി എല്ലാ മാസവും ഒത്തുചേരുന്നു.

2021 ജൂലൈ 21,22,23, 2022 ഫെബ്രുവരി 16,17 എന്നീ തിയതികളിൽ ബാഗ്ലൂർ വെച്ച് നടന്ന എം എം റിവ്യൂ മീറ്റിംഗുകളിൽ നീതിവേദി ഭാരവാഹികൾ പങ്കെടുത്തു.




- **<u>സ്റ്റാഫംഗങ്ങൾ</u>**

കഴിഞ്ഞ വർഷം നീതിവേദി ഓഫീസിൽ 9 സ്റ്റാഫംഗങ്ങൾ പ്രവർത്തിച്ചിരുന്നു. ശ്രീ ജെയിംസ് തോമസ്, ശ്രീമതി സാറാമ്മ ഷാജി, ശ്രീമതി ലൈല ഉസ്മാൻ എന്നിവർ സ്റ്റാഫംഗങ്ങൾ എന്ന നിലയിലുമുള്ള സേവനം പ്രവർത്തന വർഷത്തിൽ അവസാനിപ്പിച്ചു. ഏവർക്കും നീതിവേദിയുടെ ആത്മാർത്ഥമായ കൃതജ്ഞത അറിയിക്കുന്നു.




- **<u>മറ്റ് ഇടപെടലുകൾ</u>**

2021 ഡിസംബർ 6 ന് കൽപ്പറ്റ കളക്ടറേറ്റിൽ വെച്ച് നടന്ന ആസ്പിരേഷണൽ ജില്ലാ തല മീറ്റിംഗിൽ അഡ്വ.ഫാ.സ്റ്റീഫൻ മാത്യു പങ്കെടുത്തു.

2021 ഡിസംബർ 9 ന് കൽപ്പറ്റ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന മഹിളാ ശക്തി കേന്ദ്ര ടാസ്ക് ഫോഴ്സ് റിവ്യൂ മീറ്റിംഗിൽ ഫ്ളയ്സി ജോസ് പങ്കെടുത്തു.

## പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ

| നമ്പർ | പ്രവർത്തനം | ആകെ |
|---|---|---|
| 1 | നീതിവേദി ഓഫീസിൽ സഹായം തേടി വന്നവർ | 318 |
| 2 | ഗാർഹിക പീഡന പരാതികൾ | 120 |
| 3 | ഗാർഹിക പീഡന പരാതികൾ പരിഹരിച്ചത് | 102 |
| 4 | പരാതികൾ തയ്യാറാക്കി കൊടുത്തത് | 20 |
| 5 | കോടതി മുഖേന ഫയൽ ചെയ്ത കേസുകൾ | 17 |
| 6 | കോടതി മുഖേന പരിഹരിച്ചവ | 5 |
| 7 | കൗൺസിലിംഗ് നൽകിയത് | 122 |
| 8 | കണ്ടെത്തിയ തർക്കവിഷയങ്ങൾ | 20 |
| 9 | സമാധാനപരമായി പരിഹരിച്ച തർക്കങ്ങൾ | 7 |
| 10 | നിലവിലുള്ള പഞ്ചായത്ത് തല പീസ് കമ്മറ്റികൾ | 26 |
| 11 | പീസ് കമ്മറ്റി അംഗങ്ങൾ | 651 |
| 12 | ജില്ലാ പീസ് ഫോറം | 1 |
| 13 | ജില്ലാ പീസ് ഫോറം എക്സിക്യൂട്ടീവ് അംഗങ്ങൾ | 25 |
| 14 | യൂത്ത് ക്ലബുകൾ | 9 |
| 15 | യൂത്ത് ക്ലബ് അംഗങ്ങൾ | 179 |
| 16 | സ്റ്റുഡന്റ്സ് ഹാർമണി ക്ലബ് | 19 |
| 17 | സ്റ്റുഡന്റ്സ് ഹാർമണി ക്ലബ് അംഗങ്ങൾ | 499 |
| 18 | വനിതാ ഹാർമണി ക്ലബ് | 9 |
| 19 | വനിതാ ഹാർമണി ക്ലബ് അംഗങ്ങൾ | 156 |
| 20 | കോർ ടീം വോളണ്ടിയർമാർ | 25 |
| 21 | കോർ ടീം വോളണ്ടിയർമാർക്കുള്ള പരിശീലന പരിപാടി | 2 |
| 22 | പീസ് കമ്മറ്റി അംഗങ്ങൾക്ക് പരിശീലനം | 5 |
| 23 | പീസ് കമ്മറ്റി അംഗങ്ങളുടെ പരിശീലനത്തിൽ പങ്കെടുത്തവർ | 190 |
| 24 | ബോധവത്ക്കരണ ക്ലാസ്സുകൾ | 40 |
| 25 | ബോധവത്ക്കരണ ക്ലാസ്സുകളിൽ പങ്കെടുത്തവർ | 1232 |
| 26 | യൂത്ത് ഭാരവാഹികളുടെ യോഗം | 1 |
| 27 | യൂത്ത് ഭാരവാഹികളുടെ യോഗത്തിൽ പങ്കെടുത്തവർ | 25 |
| 28 | അന്തർദേശീയ വനിതാദിനാചരണത്തിൽ പങ്കെടുത്തവർ | 120 |
| 29 | അന്തർദേശീയ മനുഷ്യാവകാശ ദിനാചരണത്തിൽ പങ്കെടുത്തവർ | 33 |
| 30 | ആദിവാസി നേതാക്കൾക്ക് നേതൃത്വപരിശീലനം | 2 |
| 31 | ആദിവാസി നേതാക്കളുടെ നേതൃത്വപരിശീലനത്തിൽ പങ്കെടുത്തവർ | 29 |
| 32 | എക്സ്പോഷർ വിസിറ്റിൽ പങ്കെടുത്തവർ | 50 |
| 33 | മതസൗഹാർദ്ദ കൂട്ടായ്മകൾ | 22 |
| 34 | മതസൗഹാർദ്ദ കൂട്ടായ്മകളിൽ പങ്കെടുത്തവർ | 593 |
| 35 | മതസൗഹാർദ്ദ ആഘോഷങ്ങൾ | 16 |
| 36 | മതസൗഹാർദ്ദ ആഘോഷങ്ങളിൽ പങ്കെടുത്തവർ | 589 |
| 37 | സമാധാന ദിനാചരണം | 15 |
| 38 | സമാധാന ദിനാചരണത്തിൽ പങ്കെടുത്തവർ | 950 |
| 39 | സോഷ്യൽ മീഡിയ പരിശീലനം | 1 |
| 40 | സോഷ്യൽ മീഡിയ പരിശീലനത്തിൽ പങ്കെടുത്തവർ | 43 |
| 41 | ഭരണഘടന മൂല്യങ്ങൾ - സെമിനാർ | 1 |
| 42 | ഭരണഘടന മൂല്യങ്ങൾ - സെമിനാറിൽ പങ്കെടുത്തവർ | 51 |

**<u>കോവിഡ്–19– പ്രവർത്തനങ്ങൾ</u>**

| നമ്പർ | പ്രവർത്തനങ്ങൾ | കുടുംബങ്ങൾ | ആളുകൾ |
|---|---|---|---|
| 1 | ഭക്ഷണക്കിറ്റ് | 215 | 746 |
| 2 | മെഡിക്കൽ സഹായം | 83 | 83 |
| 3 | കുട്ടികൾക്ക് പഠനോപകരണങ്ങൾ | 320 | 320 |
| 4 | ടാർപോളിൻ | 9 | 35 |
| 5 | ആട് | 2 | 8 |
| | **ആകെ** | **629** | **1192** |

## <u>ഉപസംഹാരം</u>

നീതിവേദിയുടെ പ്രവർത്തനങ്ങളിൽ ജില്ലാഭരണകൂടം, വിവിധ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, സർക്കാർ വകുപ്പുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണവും പിന്തുണയും അംഗീകാരവും ലഭിക്കുകയുണ്ടായി. വിവിധ കോളേജുകളിൽ നിന്നും ഇന്റേൺഷിപ്പിനായി നീതിവേദിയിൽ വന്ന എം.എസ്.ഡബ്ല്യൂ, ബി.എസ്.ഡബ്ല്യൂ വിദ്യാർത്ഥികളുടെ സേവനം ഞങ്ങൾ ഏറെ വിലമതിക്കുന്നു. പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്ക് കൂടുതൽ പ്രതീക്ഷയും നിയമ അവകാശങ്ങളിൽ വിശ്വാസവും ഉണ്ടാകുന്നതിനായി നീതിവേദിയുടെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തേണ്ടതുണ്ട്. ഇതിനായി ഏവരുടെയും ആത്മാർത്ഥമായ സഹായ സഹകരണങ്ങൾ അഭ്യർത്ഥിച്ചുകൊണ്ട് ഈ റിപ്പോർട്ട് ജനറൽ ബോഡി മുമ്പാകെ സമർപ്പിക്കുന്നു.

**ഫ്ളയ്സി ജോസ്**
**സെക്രട്ടറി**